പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6259 07.11.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി. സി.യുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നതുമായ സ്ഥലങ്ങളെ കോർപ്പറേഷന് വരുമാനം ലഭിക്കുന്ന തരത്തിൽ പ്രയോജനകരമായി ഉപയോഗിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; | (എ) | അത്തരം സ്ഥലങ്ങൾ വരുമാന വർധനവിന് വേണ്ടി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യപരമായി സാധ്യതയുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ പലിശ രഹിത നിക്ഷേപ പദ്ധതി പ്രകാരം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു വരുന്നു. ഇവയിൽ നിന്ന് ടിക്കറ്റിതര വരുമാനം ലഭിച്ച് തുടങ്ങിയിട്ടുണ്ട്. |
| (ബി) | നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) യും (സി) യും | അങ്കമാലി, തമ്പാനൂർ, കോഴിക്കോട്, തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.ടി.ഡി.എഫ്.സി BOT പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞു. കൊട്ടാരക്കര, കാസർഗോഡ്, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി നേരിട്ട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം നടന്നു വരുന്നു. തൊടുപുഴ, ഹരിപ്പാട്, നിലമ്പൂർ, മൂവാറ്റുപ്പുഴ, പത്തനംതിട്ട, പാലാ, മലപ്പുറം എന്നീ സ്ഥലങ്ങളിലെ കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ പാലക്കാട്, കോട്ടയം, എറണാകുളം എന്നീ സ്ഥലങ്ങളിൽ നിർമ്മാണം നടത്തുന്നതിന് പ്രാരംഭ പ്രവൃത്തികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇതിലേക്കായി നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ ഉപയോഗത്തിന് ആവശ്യമില്ലാത്ത സ്ഥലങ്ങൾ ബസ് സ്റ്റേഷന്റെയോ, വർക്ക്ഷോപ്പിന്റെയോ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ സ്റ്റാളുകൾ ആരംഭിക്കുന്നതിനും, പേ & പാർക്ക് എന്നിവയ്ക്കുമായി തറ വാടകയ്ക്ക് നൽകി വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ